# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 2396 | 17/08/2017ൽ മറുപടിയ്ക്ക്

## സർക്കാർ ഭൂമിയിലെ യൂക്കാലി, അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റൽ

ഉത്തരം

ശ്രീ.കെ.സി. ജോസഫ്
,, ശ്രീ,റോജി എം.ജോൺ
,, ശ്രീ.അനിൽ അക്കര
,, ശ്രീ.അടൂർ പ്രകാശ്

ശ്രീ. അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ | സർക്കാർ ഭൂമിയിൽ നിൽക്കുന്ന യൂക്കാലി, അക്കേഷ്യ. ഗ്രാൻഡിസ് എന്നീ മരങ്ങൾ വെട്ടിമാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | എ | യൂക്കാലി, അക്കേഷ്യ എന്നീ മരങ്ങൾ മുറിച്ച് മാറ്റി പകരം തദ്ദേശീയമായ ഫലവൃക്ഷ തൈകളും മറ്റ് വൃക്ഷ തൈകളും നട്ടു പിടിപ്പിക്കുന്ന സമഗ്ര പദ്ധതികൾ ഒന്നും തന്നെ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വന പ്രദേശത്തും തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 20 ഹെക്ടർ വനപ്രദേശത്തും 2012-13 വർഷത്തിൽ വനദീപ്തി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ പരിധിയിൽ വരുന്ന പാലക്കാട് കൊടുമ്പ് ഗവൺമെന്റ് പോളിടെക്നിക്കിന്റെ പരിസരവാസികൾ ആരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ ചൂണ്ടികാണിച്ചതിനെ തുടർന്ന് സാമൂഹ്യ വന വൽക്കരണവിഭാഗത്തിന് 248 അക്കേഷ്യ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അനുമതി 4.8.2017 ന് കൂടിയ പ്രത്യേക മരം മുറി കമ്മിറ്റി നൽകിയിട്ടുണ്ട്. |
| ബി | വൻതോതിൽ ജലം ഊറ്റുന്നതും, പ്രകൃതിക്ക് ദോഷകരവുമായ മേൽപ്പറഞ്ഞ മരങ്ങൾക്ക് പകരം ഏതൊക്കെ തരത്തിലുള്ള മരങ്ങളാണ് വെച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഈ പദ്ധതിക്കായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ? | ബി | സാമൂഹ്യ വനവൽക്കരണവിഭാഗത്തിന്റെ കീഴിൽ പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ വനദീപ്തി പദ്ധതിയിൽ അക്കേഷ്യ തോട്ടങ്ങൾ മുറിച്ചു നീക്കിയ ശേഷം ഞാവൽ, മാവ്, പ്ലാവ്, അമ്പഴം, ആഞ്ഞിലി, പേര,അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും തടിയ്ക്കുനയോജ്യമായ തേക്ക്, ഈട്ടി, മഹാഗണി, പൂവരശ്, കമ്പകം, കരിമരുത്, |
| | | | വെള്ളകിൽ തുടങ്ങിയവയും ഔഷധ ഇനത്തിൽപ്പെട്ട കാഞ്ഞിരം, കമ്പിൾ, വേപ്പ്, കടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, |

| | | |
|---|---|---|
| | | ക്കുവളം , താന്നി, അശോകം, പതിമുഖം തുടങ്ങിയവയും , ഇവ കൂടാതെ മുള, ഈറ. ചൂരൽ എന്നിവയും നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പുതിയ പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. 2012- 13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച വനദീപ്തി പദ്ധതിയുടെ 5- ാം വർഷത്തെ പരിചരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ